ബി 2/3344/2015

വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്,
തീയതി. 27-02-2015.
Phone. 0491 2505469

**ടെണ്ടർ പരസ്യം**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലക്കാട് ജില്ലയിലെ പാഠപുസ്തക ഡിപ്പോകളിൽ സൂക്ഷിച്ചിട്ടുള്ള കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ നടപടിക്രമം പാലിച്ച് തൂക്കി വിൽക്കുന്നതിനായി അംഗീകൃത വ്യാപാരികളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 11-03-2015 5. pm വരെ. 12-03-2015 3 pm ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് ടെണ്ടർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടുകയോ, വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യേണ്ടതാണ്.

വെബ്സൈറ്റ് ddepalakkad.hpage.com or ddepalakkad.wordpress.com

വിദ്യാഭ്യാസ ഉപഡയറക്ടർ,
പാലക്കാട്.

കെ.ആർ.. 27-02-54-3

## പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം
## (ഹാജർ എ അബൂബക്കർ)

വിഷയം – പൊതു വിദ്യാഭ്യാസം – പാഠപുസ്തകം – കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ ടെണ്ടർ ക്ഷണിച്ച് തൂക്കി വിൽക്കുന്നത് – സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന – പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ എ4/656/2013 തിയ്യതി 16/2/2015

## ഉത്തരവ് നമ്പർ ബി2 / 3344 / 2015 തിയതി 25/02/2015

മേൽ സൂചനയനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ വിവിധ പാഠപുസ്തക ഡിപ്പോകൾ സൂക്ഷിച്ചിട്ടുള്ള കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ ജില്ലാതലങ്ങളിൽ നിന്ന് അംഗീകൃത വ്യാപാരികളിൽ നിന്നും മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ച് വിൽക്കുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരിക്കുന്നു. ഇത് സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേങ്ങൾ താഴെ ചേർക്കുന്നു.

വേസ്റ്റ് പേപ്പർ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ സ്ഥാപനത്തിന്റെ ലെറ്റർ ഹെഡ്ഡിലും ടി സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ Tax Registration No. പരാമർശിച്ചും നൽകുന്നതിനും നിർദ്ദേശിക്കുന്നു.

പഴയ പുസ്തകങ്ങൾ തൂക്കിയെടുക്കുമ്പോൾ ഒരു കിലോഗ്രാമിന് നൽകുന്ന നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത് നിലവിലുള്ള മാർക്കറ്റ് വിലയുമായി യോജിക്കുന്ന തരത്തിലുള്ള ടെണ്ടറുകളേ അംഗീകരിക്കുകയുള്ളു.

ഗവൺമെന്റിന്റെ അംഗീകൃത വേ ബ്രിഡ്ജുകളിൽ തൂക്കിയെടുക്കേണ്ടതും വിലയും, അതിന്റെ വിൽപന നികുതി സെസ്സ് എന്നിവ കണക്കാക്കി പുസ്തകങ്ങൾ തൂക്കിയെടുക്കുന്ന സമയത്തു തന്നെ അടക്കേണ്ടതുമാണ്.

ടെണ്ടറിനൊപ്പം EMD തുകയായി Rs. 25000/- (ഇരുപത്തി അയ്യായിരം രൂപ) ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. EMD തുക നൽകാത്ത ടെണ്ടറുകൾ പരിഗണിക്കുന്നതല്ല. ടെണ്ടർ പ്രകാരം കരാർ ലഭിക്കുന്ന ആൾ Rs.100/- (നൂറു രൂപ) പത്രത്തിൽ സർക്കാരുമായി കരാറുടമ്പടി ഉണ്ടാക്കേണ്ടതും EMD തുകയ്ക്ക് പുറമേ കരാർ തുകയുടെ ഉയർന്ന നിരക്കിന്റെ മൊത്തം തുകയുടെ 5% (അഞ്ചു ശതമാനം) കൂടി Security Deposit ആയി അടക്കേണ്ടതാണ് (ഒരു കിലോഗ്രാമിന്റെ തുക x ആകെ കിലോഗ്രാം 5 %)

ടെണ്ടർ ഫോറത്തിന്റെ തുക 1000 + 5 % വാറ്റ് നിരക്കിലും (തപാലിൽ രുപ 1250 + 5 % വാറ്റ് ) ഫോറത്തിന്റെ രണ്ടാം കോപ്പിക്ക് 500 + 5 % വാറ്റ് നിരക്കും

(തപാലിൽ രൂപ 750 + 5 % വാറ്റ്) ആയി നിശ്ചയിച്ചിരിക്കുന്നതുമാണ്. മണി ഓർഡറുകൾ പോസ്റ്റർ ഓർഡറുകൾ, ചെക്കുകൾ എന്നിവ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെണ്ടർ ഫോറം തപാലിൽ ആവശ്യപ്പെടുന്നവർക്ക് തുക കൈപ്പറ്റിയതിന്റെ തൊട്ടടുത്ത ദിവസം രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു തരുന്നതാണ്.

മേൽ പ്രസ്താവിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 11/3/2015 ന് 5 മണിവരെ ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

ലഭിച്ച ടെണ്ടറുകൾ ടെണ്ടർമാരുടേയോ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് 12/3/2015 ന് 3 pm ന് തുറക്കുന്നതാണ് അന്ന് അവധി ദിവസമായി ഏതെങ്കിലും കാരണവശാൽ സർക്കാർ തീരുമാനിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ ടെണ്ടറുകൾ തുറക്കുന്നതാണ്.

മാർച്ച് 25 നകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പാഠപുസ്തക ഡിപ്പോകളിൽ നിന്നും കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സ്റ്റോർ കീപ്പർ പാഠപുസ്തക ഓഫീസിലെ ഉദ്യോഗസ്ഥൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പുസ്തകങ്ങളുടെ തൂക്കവും മറ്റും പരിശോധിക്കുന്നതാണ്. വിവിധ ഡിപ്പോകളിൽ സൂക്ഷിച്ചിട്ടുള്ള കാലഹരണപ്പെട്ട പാഠപുസ്തകങ്ങളുടെ സ്റ്റോർകീപ്പർമാർ അയച്ചു തന്നിട്ടുള്ള കണക്കുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

വിദ്യാഭ്യാസ ഉപ ഡയറക്ടർ
പാലക്കാട്

പകർപ്പ്

1. പാഠപുസ്തക ഓഫീസർ, പത്മ വിലാസം ഫോർട്ട്, കിഴക്കേക്കോട്ട തിരുവനന്തപുരം
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് / ഒറ്റപ്പാലം / മണ്ണാർക്കാട്
3. സ്റ്റോർ കീപ്പർ, CTBS ഷൊർണ്ണൂർ (ഉത്തരവിന്റെ കോപ്പി Notice Board ൽ പതിക്കേണ്ടതാണ്)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഉത്തരവിന്റെ കോപ്പി Notice Board ൽ പതിക്കേണ്ടതാണ്)
5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ സൈറ്റായ ddepalakkad.hpage.com
6. വിദ്യാഭ്യാസ ഉപ ഡയറക്ടാഫീസിലെ Notice Board ൽ പതിക്കേണ്ടതാണ്)
7. Stock File
8. ശ്രീ അച്ചുതാനന്തൻ, Counter TBDO പാലക്കാട് (DEO Palakkad വഴി)

| Sl. No | Name of Depot | Period | Reported No. | Reported Weight |
|---|---|---|---|---|
| 1 | CTBS Shornur | 2010-11 | 62188 | 8678.68 |
| 2 | CTBS Thiruvananthapuram | 2010-11 | 62244 | 8680.7 |
| 3 | CTBS Ernakulam | 2007-12 | 990287 | 131011.04 |
| 4 | DTBD Neyyattinkara | 2009-11 | 253483 | 31421.565 |
| 5 | Thiruvananthapuram | 2009-10 | 285756 | 37037.879 |
| 6 | Attingal | Nil | Nil | Nil |
| 7 | Kollam | Nil | Nil | Nil |
| 8 | Kottarakkara | 2009-11 | 116787 | Not given |
| 9 | Punalur | 2009-11 | 191530 | 29508.275 |
| 10 | Mavelikkara | 2009-11 | 145501 | 61254 |
| 11 | Alappuzha | 2011 | 131680 | 11194.02 |
| 12 | Cherthala | 2009-11 | 334891 | 41822 |
| 13 | Kottayam | 2010-11 | 276727 | 33933.93 |
| 14 | Kanjirappally | 2009-11 | 163644 | 24523.673 |
| 15 | Pala | 2010-13 | 264745 | 39975.971 |
| 16 | Kattappana | 2011 | Nil | 17598.07 |
| 17 | Thodupuzha | 2008-11 | 365653 | 61606.761 |
| 18 | Muvattupuzha | 2009-11 | 103679 | 14816.493 |
| 19 | Kothamangalam | 2009-11 | 134585 | 19142.685 |
| 20 | Ernakulam | 2009-11 | 246[illegible]54 | 35449.367 |
| 21 | Aluva | 2009-11 | 201574 | 27916.258 |
| 22 | Irinjalakkuda | 2009-11 | 430097 | 59827.961 |
| 23 | Thrissur | Nil | 262043 | 0 |
| 24 | Chavakkad | 2009-11 | 360990 | 44350.22 |
| 25 | Palakkad | 2009-11 | 309051 | 59043.067 |
| 26 | Ottappalam | 2009-12 | 305051 | 44047.133 |
| 27 | Tirur | 2009-12 | 540624 | [illegible]274.029 |
| 28 | Kozhikkode | Nil | Nil | Nil |
| 29 | Malappuram | Nil | Nil | Nil |
| 30 | Vatakara | Nil | Nil | Nil |
| 31 | Wayanad | 2012 | 22[illegible]40 | 4035.817 |
| 32 | Thalassery | 2009-11 | 325430 | 56473.382 |
| 33 | Kannur | 2009-12 | 169067 | 17146 |
| 34 | Kanhangad | 2009-10 | 458437 | 65169.088 |
| 35 | Kasargod | 2011 | 142629 | 24166.184 |
| | TOTAL | | 7656767 | 1090104.248 |

Details are not received from the storekeepers DTBD Pathanamthitta and Thiruvalla till date

Serial No. 6,7,28,29&30-obselete books has been taken up to 2011